**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പിൽ നിന്നും സ്വകാര്യ ആശുപത്രികളുടെ പിൻവാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ്പിൽ നിന്നും സ്വകാര്യ ആശുപത്രികൾ കൂട്ടത്തോടെ പിൻവാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | മെഡിസെപ്പ് ആനുകൂല്യം നൽകി ചികിത്സിച്ചിരുന്ന പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ ചികിത്സ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (ബി) | മെഡിസെപ്പ് ആനുകൂല്യം നൽകി ചികിത്സിച്ചിരുന്ന പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ ചികിത്സ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകനയോഗങ്ങളിൽ ചർച്ച ചെയ്യുകയും പ്രസ്തുത ആശുപത്രികളെ നിശ്ചിത കാലയളവിൽ മെഡിസെപ് ൽ നിന്നും സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളുള്ള Standard Operating Procedure (SOP) പുറപ്പെടുവിച്ച് നടപടി സ്വീകരിക്കാൻ ഇൻഷുറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ ജീവനക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ മെഡിസെപ് സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | സർക്കാർ ജീവനക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ മെഡിസെപ് സൗകര്യം നടപ്പിലാക്കുന്നതിനായി **പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുന്ന ഹാൻഡ് ബുക്ക് പ്രസിദ്ധീകരിക്കുകയും ചികിത്സാ സംബന്ധമായ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുന്നതിനായി മെഡിസെപ് വെബ്പോർട്ടൽ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിസെപ് പദ്ധതിയുടെ വിശദാംശങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷനും നടപ്പിലാക്കിക്കൊണ്ട് പദ്ധതിയുടെ ഗുണഫലങ്ങൾ കാര്യക്ഷമമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന രീതിയിൽതന്നെയാണ് മെഡിസെപ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ മെഡിസെപ്പ് സംബന്ധിച്ച പരാതികൾ ലഭ്യമാക്കുവാൻ ഒരു ത്രിതല ഓൺലൈൻ പരാതി പരിഹാര സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ